"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കാസറഗോഡ്, പൊള്ളപൊയിൽ എ.എൽ.പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് പാർട്ട് ടൈം അറബിക് അധ്യാപിക ശ്രീമതി.സെമീമ.എ.ജി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ **26758/2025** ന്മേലുള്ള **18.05.2025** - ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.**3917/2026/GEDN** തീയതി,തിരുവനന്തപുരം, **12-06-2026**

---

പരാമർശം:-

1. പൊള്ളപൊയിൽ എ.എൽ.പി സ്കൂളിലെ ശ്രീമതി.സെമീമ.എ.ജി ഫയൽ ചെയ്ത റിട്ട് ഹർജി നം. **26758/2025** ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ **18.08.2025** - ലെ വിധിന്യായം.
2. കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **12.11.2025**-ലെ **DEOKHD/1447/2025-B6** നമ്പർ കത്ത്.
3. കാസറഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ **17.11.2025 17/11/2025**-ലെ **DDEKGD/2716/2025-B2** നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **20.11.2025**-ലെ **DGE/23704/2025-RA3** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസറഗോഡ്, ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന പൊള്ളപൊയിൽ എ.എൽ.പി സ്കൂളിലെ ജൂനിയർ പാർട്ട് ടൈം അറബിക് അധ്യാപിക ശ്രീമതി.സെമീമ.എ.ജി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ **26758/2025** ന്മേലുള്ള പരാമർശം (1) വിധിന്യായത്തിൽ, വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം **Ext.P11** റിവിഷൻ ഹർജി പരിശോധിച്ച്

ഹർജിക്കാരിയെ നേരിൽ കേട്ട് തീർപ്പാക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അപ്രകാരം ഹർജിക്കാരിയുടെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 20.11.2025-ന് ഗൂഗിൾ മീറ്റ് മുഖേന നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട വേളയിൽ ഹർജിക്കാരി, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ വാദഗതികൾ ചുവടെ ചേർക്കും പ്രകാരമാണ്.

2. കാസർകോട് റവന്യൂ ജില്ലയിലെ ചെറുവത്തൂർ ഉപജില്ലയിലെ പൊള്ളപ്പോയിൽ എ.എൽ.പി സ്കൂളിൽ അറബിക് അധ്യാപകനായിരുന്ന ശ്രീ. ഷാഹുൽഹമീദ് 30-4-2015-ൽ റിട്ടയർ ചെയ്ത ഒഴിവിൽ 01.06.2015-ന് നിയമിതയായ അറബിക് ടീച്ചറാണ് ഹർജിക്കാരി. 2014-15 അധ്യയന വർഷം തസ്തിക നിർണയ ഉത്തരവ് പ്രകാരം ടി വിദ്യാലയത്തിൽ പാർട്ട് ടൈം എൽ.ജി അറബിക് തസ്തിക അനുവദിച്ചിട്ടുണ്ട്. തദടിസ്ഥാനത്തിൽ ടിയാൾക്ക് 01.06.2015 മുതൽ 9190-15780 ശമ്പള സ്കെയിലിൽ പാർട്ട് ടൈം ടീച്ചറായി നിയമന അംഗീകാരം ലഭിച്ചിരുന്നു. പ്രസ്തുത തസ്തിക 2017-18 അധ്യയന വർഷം ഫുൾ ടൈം തസ്തികയായി അനുവദിച്ചു കിട്ടാൻ മതിയായ കുട്ടികൾ ടി വിദ്യാലയത്തിൽ ഉണ്ടായിട്ടും ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആദായകരമല്ലാത്ത സ്കൂൾ ആണെന്ന് കാണിച്ച് ഫുൾടൈം തസ്തിക അനുവദിച്ചില്ല. ആയതിനെതിരെ സ്കൂൾ മാനേജർ കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചിരുന്നെങ്കിലും, ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്പീൽ നിരസിക്കുകണ്ടായി. 2017-18 മുതൽ 2023-24 അധ്യായന വർഷം വരെ ഫുൾടൈം തസ്തികക്കുള്ള കുട്ടികളുണ്ടായിരുന്നിട്ടും ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പാർട്ട് ടൈം അറബിക് തസ്തികയാണ് അനുവദിച്ചത്. ഈ കാലഘട്ടത്തിൽ നടത്തിയ തസ്തിക നിർണയ ഉത്തരവുകൾ പ്രകാരം അറബിക് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| **വർഷം** | | | **ക്ലാസുകൾ** | | |
|---|---|---|---|---|---|
| | **1** | **2** | **3** | **4** | **ആകെ** |

| | | | | | |
|---|---|---|---|---|---|
| **2017-18** | **5** | **15** | **6** | **4** | **30** |
| **2018-19** | **7** | **6** | **13** | **3** | **29** |
| **2019-20** | **6** | **7** | **5** | **7** | **25** |
| **2022-23** | **9** | **9** | **7** | **6** | **31** |
| **2023-24** | **18** | **9** | **9** | **7** | **43** |

**01.06.2015**-ന് നിയമിതനായ ഹർജിക്കാരിക്ക് വിദ്യാഭ്യാസ ചട്ട പ്രകാരവും, നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരവും **KTET** യോഗ്യതയിലെ ഇളവോടുകൂടി **15.07.2017** മുതൽ ഫുൾടൈം ശമ്പള സ്കെയിലിൽ അംഗീകാരം ലഭിക്കാൻ അർഹതയുണ്ട്. **2019-20** അധ്യായന വർഷത്തിന്റെ ആരംഭം വരെ നിയമിതരായ **KTET** യോഗ്യത നേടിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികളുടെ നിയമന അംഗീകാരത്തിന് സർക്കാർ നൽകിയ ഇളവ് **2020-21** അധ്യായന വർഷം അവസാനം വരെ നീട്ടിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഈ ഉത്തരവ് പ്രകാരം **31.05.2020** - ൽ അഞ്ചുവർഷം തുടർച്ചയായ സർവീസ് പൂർത്തിയാക്കിയ ഹർജിക്കാരിക്ക് ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ **01.06.2020** തീയതി മുതൽ ഫുൾടൈം ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ചെറുവത്തൂർ സബ്ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹർജിക്കാരിക്ക് **KTET** യോഗ്യതയില്ലെന്ന് കാണിച്ച് ലഭിച്ചുകൊണ്ടിരിക്കുന്ന ഫുൾടൈം സാമ്പത്തിക അനുകൂല്യം തെറ്റായ നടപടിയുടെ ഭാഗമായി തടഞ്ഞു കൊണ്ട് ഉത്തരവിറക്കി. **15.07.2017** മുതൽ ഫുൾടൈം സേവനവും ആനുകൂല്യവും ലഭ്യമാക്കണമെന്നും, **01.06.2020** മുതൽ കിട്ടിയിരുന്ന ഫുൾടൈം ആനുകൂല്യം തടഞ്ഞ ഉത്തരവ് റദ്ദാക്കണമെന്നും അഭ്യർത്ഥിച്ചാണ് ഹർജിക്കാരി റിവിഷൻ ഹർജിയും ബഹു.ഹൈക്കോടതിയിൽ **WP(c) 26758/2025** നമ്പർ കേസും ഫയൽ ചെയ്തിട്ടുള്ളത്. ഹിയറിംഗിൽ ഉന്നയിച്ച പ്രധാന വാദഗതികൾ ചുവടെ ചേർക്കുന്നു.

**(i)** ഭാഷ പഠിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടം അനുശാസിക്കുന്ന

വ്യവസ്ഥകൾ പ്രകാരം കുട്ടികളുടെ എണ്ണം ഉണ്ടെങ്കിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിൽ ഭാഷാ അധ്യാപകരുടെ തസ്തികയ്ക്ക് അംഗീകാരം നൽകാമെന്ന് **29.8.2014**-ലെ സർക്കുലർ നമ്പർ **49275/ജെ2/14/**പൊ.വി.വ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം **23** ചട്ടം **2 A (1)** പ്രകാരം അറബിക് തസ്തിക തുടങ്ങുന്നതിന് ഒന്നാം ക്ലാസിലെ അറബി പഠിക്കുന്ന കുട്ടികളുടെ എണ്ണം പത്തിൽ കുറയാതിരിക്കുകയും അല്ലെങ്കിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ **28** കുട്ടികൾ ഉണ്ടായിരിക്കുകയോ ചെയ്താൽ **Rule 7** നെ അടിസ്ഥാനപ്പെടുത്തി **Part Time or Full Time** തസ്തിക അനുവദിക്കാവുന്നതാണ്. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം **23** ചട്ടം **7** പ്രകാരം ഒരാഴ്ചയിൽ **15** പിരീഡ് വരെ പാർട്ട് ടൈം തസ്തികയും **15** മുതൽ ഫുൾ ടൈം തസ്തികയും അനുവദിക്കാവുന്നതാണ്. **G.O.(P) No.29/2016/GEDN dated 29.01.2016 -** ലെ ഖണ്ഡിക **1** ൽ **5-**ാം നമ്പർ നിർദ്ദേശത്തിൽ സർക്കാർ **2014-15** അധ്യായന വർഷം വരെ നിയമിക്കപ്പെട്ടവർക്ക് സംരക്ഷണം നൽകിയിട്ടുണ്ട്, ശേഷം **2023-**ൽ സർക്കാർ സംരക്ഷണാനുകൂല്യം മൂന്നുവർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. **2015-16-**ൽ നിയമിതയായ ടിയാൾ മേൽപ്പറഞ്ഞ സംരക്ഷണ അനുകൂല്യങ്ങൾക്ക് അർഹയാണ്. സംരക്ഷണാനുകൂല്യമുള്ള അധ്യാപകരുടെ ഫുൾടൈം ആനുകൂല്യം സംരക്ഷിക്കാനായി ബഹുമാനപ്പെട്ട സർക്കാർ **G.O(MS) No.209/2016/GEDN, dated 26-12-2016** ഉത്തരവിൽ എണ്ണത്തിൽ ഇളവനുവദിച്ചിട്ടുണ്ട്.

എൽ.പി വിഭാഗം അറബിക് ടീച്ചർ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച കെ.ഇ.ആർ അധ്യായം **23** റൂൾ **2** എ **1** പ്രകാരം ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ അറബിക് ഭാഷ പഠിക്കുന്ന ആകെ **28** കുട്ടികളോ ഒരു ക്ലാസിൽ ശരാശരി ഏഴു കുട്ടികളോ ഉണ്ടെങ്കിലാണ് എൽ.പി വിഭാഗത്തിൽ അറബിക് ഭാഷാ അധ്യാപകന്റെ ഒരു ഫുൾടൈം തസ്തിക അനുവദിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ പ്രോവിസോ പ്രകാരം ഒരു ക്ലാസ്സിൽ ഏഴു കുട്ടികളെങ്കിലും അറബിക് പഠിക്കുന്നുവെങ്കിൽ പാർട്ട് ടൈം തസ്തിക അനുവദിക്കാവുന്നതാണ്. ഇപ്രകാരം കുട്ടികൾ ഉണ്ടെങ്കിൽ തസ്തിക

നഷ്ടമായവരും, എന്നാൽ സംരക്ഷണത്തിന് അർഹതയുള്ളവരുമായ പ്രസ്തുത ഭാഷാ അധ്യാപകരുടെ നിലവിലുള്ള ആനുകൂല്യം നിലനിർത്തി അറബിക് പഠിപ്പിക്കുന്നതിനായി മാതൃ വിദ്യാലയത്തിൽ തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്. പാർട്ട് ടൈം തസ്തിക ഫുൾടൈം തസ്തികയാക്കുമ്പോൾ അധിക തസ്തിക ആകുന്നില്ലെന്നും, ഹയർ ലെവൽ വെരിഫിക്കേഷൻ ആവശ്യമില്ലെന്നും, പുതിയ നിയമന ഉത്തരവ് ആവശ്യമില്ലെന്നും, ഫുൾടൈം ആനുകൂല്യം നൽകാൻ സമയപരിധി ബാധകമല്ലെന്നും **14.8.2019**-ലെ ജെ**3/125/2019** പൊ.വി.വ സർക്കുലറിൽ സ്പഷ്ടീകരിച്ചിട്ടുണ്ട്. ടിയാളുടെ വിദ്യാലയത്തിൽ മുകളിൽ പറഞ്ഞ മൂന്ന് വ്യവസ്ഥകളും **2017-18, 2018-19, 2019-20, 2022-23, 2023-24** അധ്യായന വർഷങ്ങളിൽ പൂർത്തീകരിച്ചു വന്നതിനാൽ ടിയാളുടെ കേസിലെ **P7** രേഖയായ കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **B5/9112/2017/KDIS/dated 26-12-2017** നമ്പർ ഉത്തരവ് റദ്ദാക്കി, ടി വിദ്യാലയത്തിലെ അറബിക് തസ്തിക **2017-18** വർഷം മുതൽ പുനർ നിർണയം നടത്തി ടിയാൾക്ക് **15.07.2017** മുതൽ ഫുൾടൈം തസ്തികയിൽ അംഗീകാരം നൽകണം.

**(ii)** പാർട്ട് ടൈം അധ്യാപകൻ ഫുൾടൈം ആനുകൂല്യത്തിന് അർഹത നേടുമ്പോൾ പുതിയ നിയമന ഉത്തരവ് ആവശ്യമില്ലായെന്ന് **14.08.2019** തിയതിയിലെ **J3/125/2019/GEDN** നമ്പർ സർക്കുലർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ **01.06.2015** - ൽ നിയമിതനായ ടിയാൾക്ക് **15.07.2017** മുതൽ ഫുൾടൈം ആനുകൂല്യം ലഭിക്കാൻ യാതൊരു പുതിയ നിയമന ഉത്തരവും ആവശ്യമില്ല. എയ്ഡഡ് സ്കൂളുകളിൽ, **KTET** യോഗ്യത ഇളവ് കാലയളവിൽ, അതായത് **01.06.2012** മുതൽ **2019 - 20** അധ്യായന വർഷം വരെ **KTET** യോഗ്യത ഇല്ലാതെ നിയമിതരായവരിൽ ഇനിയും അംഗീകാരം ലഭിക്കാത്ത അധ്യാപകരുള്ള പക്ഷം അത്തരം അധ്യാപകർക്കും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിലവിലെ നിയമന വ്യവസ്ഥകൾക്ക് വിധേയമായി നിയമന അംഗീകാരം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണെന്ന് **05.11.2024** - ലെ **G.O(MS)No.133/2024/GEDN** നമ്പർ ഉത്തരവ് അനുശാസിക്കുന്നതിനാൽ ടി ഉത്തരവിന്റെ വെളിച്ചത്തിൽ

15.07.2017 മുതൽ ടിയാൾക്ക് ഫുൾടൈം ആനുകൂല്യം അനുവദിക്കണം.

(iii) 01.06.2015 - ന് റെഗുലർ വേക്കൻസിയിൽ നിയമനം നേടിയ ടിയാൾക്ക് 31.05.2020 - ൽ 5 വർഷത്തെ തുടർച്ചയായ സർവീസ് പൂർത്തിയായതിനാലും, 2019-20 വർഷാരംഭം വരെ നിയമിതരായ KTET യോഗ്യത നേടിയിട്ടില്ലാത്ത അധ്യാപകർക്ക് 2020-21 വർഷാവസാനം വരെ KTET പാസ്സാകുന്നതിന് ഇളവ് നൽകിയതിനാലും 01.06.2020 തിയതി മുതൽ അനുഭവിച്ചുവന്നിരുന്ന ഫുൾടൈം ആനുകൂല്യത്തിന് തുടർന്നും അർഹതയുണ്ട്. മേൽ ഉത്തരവുകളുടെ വെളിച്ചത്തിൽ P9 രേഖയായ ബഹു.ചെറുവത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 18.12.2020 തിയ്യതിയിലെ C/1980/2020 നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് നൽകണം.

(iv) മുകളിൽ പറഞ്ഞ സാഹചര്യത്തിൽ ഈ കേസിലെ P7 രേഖ റദ്ദാക്കി, ടി വിദ്യാലയത്തിലെ അറബിക് തസ്തിക 2017-18, 2018-19, 2019-20, 2022-23, 2023-24 വർഷങ്ങളിൽ ഫുൾടൈം തസ്തികളായി പുനർനിർണയിച്ച് കിട്ടാനും, കേസിലെ P9 രേഖ റദ്ദാക്കി നൽകണം.

3. ഹിയറിംഗ് വേളയിൽ ഹർജിക്കാരി ഉന്നയിച്ച അതേ വാദങ്ങളാണ് മാനേജറും ഉന്നയിച്ചത്.

4. പൊള്ളപൊയിൽ എ.എൽ.പി സ്കൂളിൽ ഹർജിക്കാരിയായ ശ്രീമതി.സെമീമ.എ.ജി-യ്ക്ക് 01.06.2015 മുതൽ ജൂനിയർ ലാംഗ്വേജ് പാർട്ട് ടൈം അറബിക് തസ്തികയിൽ മാനേജർ നൽകിയ നിയമനം, ടിയാൾ കെ-ടെറ്റ് യോഗ്യത നേടാത്തതിനാൽ, കെ-ടെറ്റ് യോഗ്യത നേടുവാൻ ഇളവ് നൽകിയ കാലയളവിനകത്ത് പ്രസ്തുത യോഗ്യത നേടണമെന്ന ഉപാധിയോടെ ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമന തീയതി മുതൽ അംഗീകാരം നൽകി തുടർന്ന് വരുന്നു. എന്നാൽ ശ്രീമതി.സെമിമ.എ.ജി നാളിതുവരെ കെ-ടെറ്റ് യോഗ്യത നേടാത്തതിനാൽ ഫുൾ ടൈം ആനുകൂല്യം അനുവദിച്ചിട്ടില്ല. ഹർജിക്കാരിയായ ശ്രീമതി.സെമീമ.എ.ജി സമർപ്പിച്ച Exp P11 ഹർജിയിൽ, 2017-18, 2018-19, 2022-23 & 2023-24 വർഷത്തിൽ ഫുൾ ടൈം തസ്തികയ്ക്ക് അർഹതയുണ്ടായിട്ടും അനുവദിച്ചിട്ടില്ലെന്നും, ആയത് അനുവദിച്ച്

നൽകണമെന്നതുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. **2017-18** മുതൽ **2023-24** വർഷത്തെ തസ്തിക നിർണ്ണയ ഫയലുകൾ പരിശോധിച്ചതിന്റെ വിശദവിവരം താഴെകൊടുത്തിരിക്കുന്നു.

| വർഷം | | ക്ലാസ്സ് | | | | | അറബിക് പഠിക്കുന്ന കുട്ടികൾ (ക്ലാസ് തിരിച്ച്) | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | ആകെ | 1 | 2 | 3 | 4 | ആകെ |
| **2017-18** | കുട്ടികളുടെ എണ്ണം | **12** | **20** | **17** | **11** | **60** | **5** | **15** | **6** | **4** | **30** |
| | അനുവദിച്ച ഡിവിഷനുകൾ | **1** | **1** | **1** | **1** | **4** | **1** | **1** | **1** | **1** | **4** |
| **2018-19** | കുട്ടികളുടെ എണ്ണം | **17** | **12** | **21** | **17** | **67** | **7** | **5** | **12** | **6** | **30** |
| | അനുവദിച്ച ഡിവിഷനുകൾ | **1** | **1** | **1** | **1** | **4** | **1** | **1** | **1** | **1** | **4** |
| **2019-20** | കുട്ടികളുടെ എണ്ണം | **19** | **16** | **11** | **19** | **65** | **6** | **7** | **5** | **7** | **25** |
| | അനുവദിച്ച ഡിവിഷനുകൾ | **1** | **1** | **1** | **1** | **4** | **1** | **1** | **1** | **1** | **4** |
| **2022-23** | കുട്ടികളുടെ എണ്ണം | **22** | **22** | **18** | **19** | **81** | **9** | **9** | **7** | **6** | **31** |
| | അനുവദിച്ച ഡിവിഷനുകൾ | **1** | **1** | **1** | **1** | **4** | **0** | **1** | **0** | **1** | **2** |
| **2023-24** | കുട്ടികളുടെ എണ്ണം | **38** | **20** | **19** | **18** | **95** | **18** | **9** | **9** | **7** | **43** |
| | അനുവദിച്ച ഡിവിഷനുകൾ | **2** | **1** | **1** | **1** | **5** | **1** | **1** | **1** | | **3** |

**5. 2017-18** വർഷത്തിൽ അറബിക് പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം **30**

ഉം, 1 മുതൽ 4 വരെ ക്ലാസുകളിൽ ഒരോ ഡിവിഷൻ വീതം ആകെ 4 ഡിവിഷനും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആഴ്ചയിൽ 16 പീരിയഡുകൾ ലഭിക്കുകയും, 16 പീരിയഡുകൾക്ക് കെ.ഇ.ആർ അധ്യായം 23 ചട്ടം 2 എ(2) പ്രകാരം ഒരു ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക് തസ്തികയും അർഹതയുണ്ട്. എന്നാൽ 2017-18 വർഷത്തിൽ ആകെ കട്ടികളുടെ എണ്ണം 60 ആയതിനാൽ ടി സ്കൂൾ മതിയായ എണ്ണം കട്ടികളില്ലാത്ത വിദ്യാലയത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇത്തരം സ്കൂളുകളിലെ എല്ലാ നിയമനങ്ങളും ദിവസവേതനാടിസ്ഥാനത്തിൽ മാത്രം നികത്തേണ്ടതാണെന്ന് 09.11.2016-ലെ 951951/ജെ2/2016 നമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. 2017-18 വർഷത്തിൽ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അറബിക് ഫുൾടൈം തസ്തിക ലഭ്യമാകുന്നതിനാൽ മാനേജർ ശ്രീമതി.സെമീമ.എ.ജി-യെ 01.06.2017 മുതൽ അറബിക് ഫുൾ ടൈം തസ്തികയിൽ നിയമിച്ച് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ഈ സ്കൂൾ പ്രസ്തുത വർഷം മതിയായ എണ്ണം കട്ടികളില്ലാത്ത വിദ്യാലയമായതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ എന്ന കാരണത്താൽ ടി നിയമനം ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. ഇതിനെതിരെ കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപ്പീൽ, ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തീരുമാനം ശരിവച്ചുകൊണ്ട് നിരസിച്ചിരുന്നു. 06.11.2012 - ലെ 58604/2012/ജെ2/2012 നമ്പർ സർക്കുലർ പ്രകാരം 1 മുതൽ 4 വരെ ക്ലാസുകളിൽ ആകെ കട്ടികൾ 60 ഉണ്ടെങ്കിൽ ടി സ്കൂളിനെ മതിയായ എണ്ണം കുട്ടികൾ വിദ്യാലയത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ 2017-18 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ 60 കുട്ടികൾ പഠിക്കുന്നതിനാൽ ഈ സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയമാണ്. എന്നാൽ 2017-18 വർഷത്തെ തസ്തിക നിർണ്ണയിക്കുമ്പോൾ കെ.ഇ.ആർ അധ്യായം 5 ചട്ടം 22 എ-യിലെ നിബന്ധനകൾ പ്രകാരമായിരിക്കാം മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയമെന്ന് അനുമാനിച്ചിരിക്കുന്നതെന്ന് കരുതുന്നു.

6. 2018-19 വർഷത്തിൽ 1 മുതൽ 4 വരെ അറബിക് പഠിക്കുന്ന ആകെ കട്ടികളുടെ എണ്ണം 30 ആയതിനാൽ കെ.ഇ.ആർ അധ്യായം 23 ചട്ടം 2 എ(1) പ്രകാരം ഫുൾ ടൈം തസ്തികയ്ക്ക് അർഹതയുണ്ടെങ്കിലും പാർട്ട് ടൈം തസ്തികയാണ് അനുവദിച്ചതായി കാണുന്നത്. 2019-20 വർഷത്തിൽ 1 മുതൽ 4 വരെ അറബിക് പഠിക്കുന്ന ആകെ കട്ടികളുടെ എണ്ണം 25 ആയതിനാൽ കെ.ഇ.ആർ അധ്യായം 23 ചട്ടം 2 എ(1) പ്രകാരം പാർട്ട് ടൈം തസ്തികയ്ക്ക് മാത്രമേ അർഹതയുള്ളൂ. 2020-21 & 2021-22 വർഷങ്ങളിൽ കോവിഡ് - 19 നെ തുടർന്ന് സ്കൂളുകൾ തുറന്ന് ക്ലാസ്സുകൾ ആരംഭിക്കാത്തതിനാൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-21 & 2021-22 വർഷങ്ങളിലും തുടരാൻ 06.07.2021-ലെ സ.ഉ (സാധാ) 3287/2021 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. 2019-20 വർഷത്തിൽ പാർട്ട് ടൈം തസ്തിക ആണ് അനുവദിച്ചത് എന്നതിനാൽ 2020-21 & 2021-22 വർഷങ്ങളിലും ഇതേ തസ്തികയേ തുടരാൻ സാധിക്കുകയുള്ളു. 2022-23 വർഷത്തിൽ 1 മുതൽ 4 വരെ അറബിക് പഠിക്കുന്ന ആകെ കട്ടികളുടെ എണ്ണം 31 ആയതിനാൽ കെ.ഇ.ആർ അധ്യായം 23 ചട്ടം 2 എ(1) പ്രകാരം ഫുൾ ടൈം തസ്തികയ്ക്ക് അർഹതയുണ്ട്. എന്നാൽ നാലാം തരത്തിൽ ഒരു ഡിവിഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ ആഴ്ചയിൽ 3 ഡിവിഷനുകൾക്ക് 12 പീരിയഡുകൾ ലഭ്യമാകുന്നതിനാൽ പാർട്ട് ടൈം തസ്തിക മാത്രമേ അനുവദിച്ചിട്ടുള്ളൂ. 2023-24 വർഷത്തിൽ 1 മുതൽ 4 വരെ അറബിക് പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം 43 ആയതിനാൽ കെ.ഇ.ആർ അധ്യായം 23 ചട്ടം 2 എ(1) പ്രകാരം ഫുൾ ടൈം തസ്തികയ്ക്ക് അർഹതയുണ്ട്. എന്നാൽ നാലാം തരത്തിൽ ഒരു ഡിവിഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ ആഴ്ചയിൽ 3 ഡിവിഷനുകൾക്ക് 12 പീരിയഡുകൾ ലഭ്യമാകുന്നതിനാൽ പാർട്ട് ടൈം തസ്തിക മാത്രമേ അനുവദിച്ചിട്ടുള്ളൂ. 2024-25 & 2025-26 വർഷങ്ങളിൽ ഫുൾ ടൈം അറബിക് തസ്തിക അനുവദിച്ചിട്ടുണ്ട്.

7. 01.06.2015 മുതൽ ജൂനിയർ ലാംഗ്വേജ് അറബിക് പാർട്ട് ടൈം തസ്തികയിൽ തുടർച്ചയായി സേവനമാരംഭിച്ച ശ്രീമതി.സെമിമ.എ.ജി 31.05.2020-ന് 5 വർഷത്തെ സർവ്വീസ് പൂർത്തീകരിച്ചതിനാൽ 02.05.1973 - ലെ സ.ഉ (എംഎസ്) 62/1973/പൊ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടിയാൾക്ക്

**01.06.2020**-ന് അനുവദിച്ച ഫുൾ ടൈം ആനുകൂല്യം, ടിയാൾ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ പിന്നീട് റദ്ദ് ചെയ്യിരുന്നു. **01.06.2012** മുതൽ **31.03.2019** വരെ നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത ആർജ്ജിക്കുന്നതിന് സമയ പരിധി നിശ്ചയിച്ച് **17.02.2023** - ലെ സ.ഉ(കൈ) **15/2023**/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം ഇളവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക **5(4)** ൽ ഇളവ് കാലത്തിനകത്ത് കെ-ടെറ്റ് നേടാത്ത, പാർട്ട് ടൈം തസ്തികയിൽ നിയമിതരായ, സർക്കാർ/എയ്ഡഡ് ജീവനക്കാരെ പാർട്ട് ടൈം തസ്തികയിൽ തന്നെ നിലനിർത്തേണ്ടതും, ടി അധ്യാപകർക്ക് ഫുൾ ടൈം ആനുകൂല്യം അനുവദിക്കേണ്ടതില്ലെന്നും വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ ശ്രീമതി.സെമീമ.എ.ജി ക്ക് ഫുൾ ടൈം ആനുകൂല്യം അനുവദിച്ചത് റദ്ദ് ചെയ്ത നടപടി ക്രമപ്രകാരമാണെന്നും, കൂടാതെ ടി അധ്യാപിക ഇപ്പോഴും കെ-ടെറ്റ് യോഗ്യത കരസ്ഥമാക്കിയിട്ടില്ലെന്നും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

8. ആയതിനാൽ, **06.11.2012** - ലെ **58604/2012**/ജെ2/**2012** നമ്പർ സർക്കുലർ പ്രകാരം **2017-18** വർഷത്തിലെ ടി സ്കൂളിലെ **60** കുട്ടികളെ പരിഗണിച്ച് മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തുകയാണെങ്കിൽ കെ.ഇ.ആർ അധ്യായം **23** ചട്ടം **2 (1&2)** പ്രകാരം **15.07.2017** മുതൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക് തസ്തിക അനുവദിക്കാവുന്നതും, **2018-19** വർഷത്തിലും ഈ തസ്തിക തുടരാവുന്നതുമാണ്. എന്നാൽ **2019-20** വർഷത്തിൽ ഈ സ്കൂളിലെ അറബിക് പഠിക്കുന്ന ആകെ കട്ടികളുടെ എണ്ണം **25** ആയതിനാൽ ചട്ടം **2 (1)** പ്രകാരം പാർട്ട് ടൈം തസ്തികയായി മാറുന്നുണ്ട്. ആയതിനാൽ പരാതിക്കാരിക്ക് സംരക്ഷണമില്ലാത്തതിനാൽ **15.07.2019** മുതൽ പാർട്ട് ടൈം തസ്തികയിലേക്ക് തരംതാഴ്ത്തേണ്ടി വരുമെന്ന് അറിയിക്കുന്നു. പിന്നീട് **2022-23** മുതൽ ഫുൾ ടൈം അറബിക് തസ്തികയ്ക്ക് അർഹതയുള്ള കുട്ടികൾ ഈ സ്കൂളിൽ നിലനിൽക്കുന്നതിനാൽ ഫുൾ ടൈം തസ്തികയും അനുവദിക്കാവുന്നതാണ്. **01.06.2012** മുതൽ **31.03.2019** വരെയുള്ള കെ-ടെറ്റ് ഇളവ് കാലത്ത് വരുന്ന നിയമനമായതിനാൽ **05.11.2024** - ലെ സ.ഉ (കൈ) **133/2024**/പൊ.വി.വ നമ്പർ ഉത്തരവിലെ ആനുകൂല്യത്തിനും ഹർജിക്കാരിക്ക്

അർഹതയുണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**9.** നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന പൊള്ളപ്പൊയിൽ എ.എൽ.പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് അറബിക് (പാർട്ട് ടൈം) അധ്യാപികയായ ഹർജിക്കാരിയായ ശ്രീമതി.സെമീമ എ.ജി യുടെ നിയമനം **2018**-ന് മുമ്പായി കെ.ടെറ്റ് യോഗ്യത നേടിയിരിക്കണമെന്ന വ്യവസ്ഥയിൽ **01.06.2015**-ന് ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നല്കുകയുണ്ടായി. ഹർജിക്കാരി **31.05.2020** -ന് **5** വർഷത്തെ സർവ്വീസ് പൂർത്തീകരിച്ചതിനാൽ **02.05.1973**-ലെ സ.ഉ (എംഎസ്) **62/1973**/പൊ.വി.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം **01.06.2020**-ന് ഫുൾ ടൈം ആനുകൂല്യം ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫുൾ ടൈം ആനുകൂല്യം അനുവദിച്ചിരുന്നു. എന്നാൽ ടിയാൾ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ആനുകൂല്യം അനുവദിച്ചത് ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റദ്ദ് ചെയ്തിരുന്നു.

**10. 2017-18** വർഷത്തിലെ ഈ സ്കൂളിലെ **60** കുട്ടികളെ പരിഗണിച്ച് മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തുകയാണെങ്കിൽ, കെ.ഇ.ആർ അധ്യായം **23** ചട്ടം **2 (1&2)** പ്രകാരം **15.07.2017** മുതൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക് തസ്തിക അനുവദിക്കാവുന്നതും, **2018-19** വർഷത്തിലും ഈ തസ്തിക തുടരാവുന്നതുമാണെന്നും എന്നാൽ **2019-20** വർഷത്തിൽ ഈ സ്കൂളിലെ അറബിക് പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം **25** ആയതിനാൽ ചട്ടം **2 (1)** പ്രകാരം പാർട്ട് ടൈം തസ്തികയായി മാറുന്നുണ്ടെന്നും ആയതിനാൽ ഹർജിക്കാരിക്ക് സംരക്ഷണമില്ലാത്തതിനാൽ **15.07.2019** മുതൽ പാർട്ട് ടൈം തസ്തികയിലേക്ക് തരംതാഴ്ത്തേണ്ടി വരുമെന്നും പിന്നീട് **2022-23** മുതൽ ഫുൾ ടൈം അറബിക് തസ്തികയ്ക്ക് അർഹതയുള്ള കുട്ടികൾ ഈ സ്കൂളിൽ നിലനിൽക്കുന്നതിനാൽ ഫുൾ ടൈം തസ്തികയും അനുവദിക്കാവുന്നതാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**11.** ഹർജിക്കാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാൾക്ക് ഫുൾ ടൈം ആനുകൂല്യം അനുവദിച്ചത് റദ്ദ് ചെയ്ത ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ്. ആയതിനാൽ ഫുൾടൈം തസ്തിക അനുവദിച്ച് **15.07.2017** മുതൽ പ്രമോഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്നും **01.06.2020** മുതൽ കിട്ടിയിരുന്ന ഫുൾടൈം ആനുകൂല്യം തടഞ്ഞ ഉത്തരവ് റദ്ദാക്കണമെന്നുമുള്ള റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് കൊണ്ട് ബഹു.ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അശ്വതി കെ

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, കാസറഗോഡ്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞങ്ങാട്.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുവത്തൂർ

മാനേജർ, എ.എൽ.പി. സ്കൂൾ, പൊള്ളപൊയിൽ, കോടക്കാട്, കാസർഗോഡ് - **671 310**

ശ്രീമതി.സെമീമ എ.ജി, പാർട്ട് ടൈം അറബിക് ടീച്ചർ, എ.എൽ.പി. സ്കൂൾ, പൊള്ളപൊയിൽ, കോടക്കാട്, കാസർഗോഡ് - **671 310**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 12-06-2026 15:22:08

സെക്ഷൻ ഓഫീസർ